Snethatheeram Girl Child Home- An update on the child rights violation orchestrated by the authorities as reported in the press.

# സ്നേഹതീരത്തെ പെൺകുട്ടികൾക്കും ദുരിതജീവിതം

ഡി.വി.ഷിബു

**കൊട്ടിയം:** കേന്ദ്രസർക്കാരിന്റെ സംയോജിത ബാലസംരക്ഷണ പദ്ധതിപ്രകാരം മയ്യനാട്ട് ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിൽ നടക്കുന്ന സ്നേഹതീരം എന്ന ഗേൾസ് ഷോർട്ട് സ്റ്റേ ഹോമിന്റെ പ്രവർത്തനം പ്രതിസന്ധിയിലേക്ക്.

ഭരണപരമായ തർക്കംകാരണം കേന്ദ്ര ഗവണ്മെന്റ് അനുവദിച്ച തുക ലഭിക്കാതായതോടെ ഇവിടെ താമസിക്കുന്ന 23 നിർധനരായ പെൺകുട്ടികളുടെ ജീവിതം ദുരിതപൂർണമായി.

നിർധനരായ പെൺകുട്ടികളുടെ സംരക്ഷണത്തിന് ഇന്ത്യയിൽ ആദ്യമായി ഗ്രാമപ്പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കിയ സംരംഭമാണ് ഇവിടെ താളംതെറ്റുന്നത്. മയ്യനാട് ഗ്രാമപ്പഞ്ചായത്തും സാമൂഹ്യനീതി വകുപ്പും മയ്യനാട്ടെ എൻ.ജി.ഒ.കളും സംയുക്തമായാണ് സ്നേഹതീരം തുറന്നത്.

അറുപത് ശതമാനം കേന്ദ്ര ഗവൺമെന്റും മുപ്പത് ശതമാനം സംസ്ഥാന ഗവൺമെന്റും പത്ത് ശതമാനം പഞ്ചായത്തുമാണ് പ്രതിവർഷം പദ്ധതിനടത്തിപ്പിനായി ചെലവഴിക്കേണ്ടത്. കഴിഞ്ഞ മയ്യനാട് പഞ്ചായത്ത് ഭരണസമിതിയും എൻ.ജി.ഒ.കളും ചേർന്ന് കരാറുണ്ടാക്കിയാണ് സ്നേഹതീരം ആരംഭിച്ചത്. പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആർ.ഷീലകുമാരിയായിരുന്നു സൂപ്രണ്ട് ഇൻ ചാർജ്. മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയാണ് 2015 സെപ്റ്റംബർ 16ന് സ്നേഹതീരം ഉദ്ഘാടനം ചെയ്തത്.

പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സ്റ്റാറ്റ്യൂട്ടറി സമിതിയായി മയ്യനാട് വില്ലേജ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി കേരളത്തിൽ ആദ്യമായി രൂപവത്കൃതമായി.

ഗേൾസ് ഹോമിന്റെ നടത്തിപ്പിന് 13 അംഗ ഹോം ഗവേണിങ് കൗൺസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ സമിതിയിലെ എക്സ് ഒഫിഷ്യോ അംഗമാണ്.

സ്നേഹതീരം തുറന്ന് ഏറെ കഴിയും മുമ്പേ മയ്യനാട് പഞ്ചായത്ത് ഭരണസമിതി മാറിവന്നു. അതോടെ ഭരണസമിതിയിൽനിന്ന് എൻ.ജി.ഒ.മാരെ ഒഴിവാക്കുന്നതിനുള്ള നീക്കം ആരംഭിച്ചു. രജിസ്റ്റർ ചെയ്ത എച്ച്.ജി.സി. പിരിച്ചുവിട്ട് പാർട്ടി നോമിനികളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കാനായിരുന്നു നീക്കം.

20 ജീവനക്കാരെ നിയമിക്കാമെന്നതും കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന കോടികളുടെ ഗ്രാന്റുമാണ് പദ്ധതി കൈവശപ്പെടുത്താനുള്ള രാഷ്ട്രീയനീക്കങ്ങൾക്ക് പിന്നിലെന്ന് എൻ.ജി.ഒ.കൾ ആരോപിക്കുന്നു. ഇതിനെതിരേ എൻ.ജി.ഒ. വിഭാഗം ബന്ധപ്പെട്ട കേന്ദ്രങ്ങളിലെല്ലാം പരാതി നൽകി. ഇതോടെ കേന്ദ്രം അനുവദിച്ച ആദ്യഗഡുവായ 54 ലക്ഷം വാങ്ങിയെടുക്കാനാകാതെയായി.

തിരുവനന്തപുരം പൂജപ്പുരയിലെ കേരള സ്റ്റേറ്റ് പ്രൊട്ടക്ഷൻ സൊസൈറ്റി മുഖേനയാണ് ഫണ്ട് നൽകുന്നത്. എൻ.ജി.ഒ.മാരെ ഒഴിവാക്കുകയും അനുവദിച്ച ഫണ്ട് ലഭ്യമല്ലാതാകുകയും ചെയ്തതോടെ അന്തേവാസികളായ പെൺകുട്ടികളുടെ ജീവിതം ദുരിതപൂർണമായി.

പഞ്ചായത്ത് ഭരണസമിതി സ്വകാര്യ വ്യക്തികളുടെ സഹായത്തോടെയാണ് മാസങ്ങളായി സ്നേഹതീരം നടത്തിവരുന്നത്.

കൊട്ടിയത്തുള്ള സ്വകാര്യ വ്യക്തിയുടെ സൂപ്പർ മാർക്കറ്റിൽനിന്ന് ഭക്ഷണത്തിനുള്ള സാധനങ്ങളും ചന്തമുക്കിലെ മലക്കറിക്കടയിൽനിന്ന് പച്ചക്കറികളും കടം വാങ്ങിയാണ് ദൈനംദിനം ആഹാരം നൽകിവന്നത്.

ഇവിടങ്ങളിൽ നൽകേണ്ട പണം ലക്ഷങ്ങൾ കവിഞ്ഞതോടെ കുട്ടികളുടെ ഭക്ഷണവും പ്രതിസന്ധിയിലാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന മറ്റ് സൗകര്യങ്ങളെല്ലാം പെൺകുട്ടികൾക്ക് നിഷിദ്ധമായി.

സമീപത്തെ മയ്യനാട് വെള്ളമണൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, മയ്യനാട് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലായാണ് കുട്ടികൾ പഠിക്കുന്നത്.

18 വയസ്സ് പൂർത്തിയാകുന്നതുവരെ പെൺകുട്ടികളുടെ പൂർണസംരക്ഷണമേറ്റെടുത്ത് വിദ്യാഭ്യാസമടക്കം നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഭരണപരമായ തർക്കം കാരണം നിലവിൽ പദ്ധതികളെല്ലാം പാളി. കുട്ടികൾക്ക് സംരക്ഷണച്ചുമതല നൽകേണ്ട പ്രൊബേഷൻ ഓഫീസർ, കൗൺസലർ തസ്തികകളിൽ ആളില്ല. താത്കാലിക സൂപ്രണ്ടിന്റെ ചുമതലയുണ്ടായിരുന്ന അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് രാജിവച്ചതോടെ മാസങ്ങളായി സൂപ്രണ്ടിന്റെ തസ്തികയും ഒഴിഞ്ഞുകിടക്കുന്നു. ഉള്ള ജീവനക്കാർക്ക് ശമ്പളവും ലഭിക്കുന്നില്ല. സ്നേഹതീരം പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടകയും മുടങ്ങി.

22 പെൺകുട്ടികളാണ് നിലവിൽ ഇവിടെയുള്ളത്. അതിൽ മൂന്ന് കുട്ടികൾ മക്കളില്ലാത്ത രക്ഷിതാക്കൾക്ക് താത്കാലിക സംരക്ഷണം നൽകാം എന്ന എഗ്രിമെന്റിൽ പുറത്ത് താമസിക്കുന്നു. പഞ്ചായത്തിന്റെ 2017ലെ പദ്ധതിവിഹിതത്തിൽ ഉൾപ്പെടുത്തി ഡി.പി.സി.ക്ക് സമർപ്പിച്ച 14,88,000 രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് എൽ.ലക്ഷ്മണൻ പറഞ്ഞു.

Mathrubhumi e-paper KOLLAM
Sat, 10 June 2017
digitalpaper.mathrubhumi.com/c/19707909